പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 435 29/06/2016 -ൽ മറുപടിയ്ക്ക്

**മാടായിക്കാവിലെ ക്ഷേത്രകലാ അക്കാഡമി**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. റ്റി.വി. രാജേഷ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ഊർജ്ജവും ദേവസ്വവും വകുപ്പു മന്ത്രി. |
| എ) കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ക്ഷേത്രകലാ അക്കാഡമിയുടെ നിലവിലുള്ള ഭരണസമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ലാ എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഭരണസമിതി പുന:സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | എ) കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ള ക്ഷേത്രകലാ അക്കാഡമിയുടെ പ്രവർത്തനം ശൈശവ ദിശയിലാണ്. പ്രവർത്തനം കാര്യക്ഷമമല്ലയെന്നുള്ള ആക്ഷേപങ്ങൾ നിലവിൽ ശ്രദ്ധയിൽ പെട്ടിട്ടില്ല. മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിൽ കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ ക്ഷേത്രകലാ അക്കാദമി സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകി സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1998/2013/RD തീയ്യതി 06.04.2013 പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1197/2014/RD തീയ്യതി 25.02.2014 പ്രകാരം പ്രൊഫസർ നാരായണൻ നമ്പൂതിരി ചെയർമാനും, ശ്രീ. പി.സി.രാമകൃഷ്ണൻ സെക്രട്ടറിയും ആയ അഞ്ച് അംഗ ഭരണസമിതി രൂപീകരിച്ചും സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ ക്ഷേത്രകലാ അക്കാദമിയുടെ സ്പെഷ്യൽ ഓഫീസറായി തലശ്ശേരി അസിസ്റ്റന്റ് കമ്മീഷണറേയും ബോർഡ് നിയമിച്ചിട്ടുണ്ട്. ക്ഷേത്രകലാ അക്കാദമിയുടെ ഔപചാരിക ഉദ്ഘാടനം 07.08.2015-ന് മുൻ ദേവസ്വം വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| | | | നിർവ്വഹിച്ചതിനെ തുടർന്ന് മാടായിക്കാവ് ക്ഷേത്രത്തിൽ അക്കാദമിയുടെ പ്രവർത്തനം നടന്നു വരുന്നുണ്ട്. |
| ബി) | അക്കാഡമിയിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ? | ബി) | ക്ഷേത്രകലാ അക്കാദമിയിൽ വാദ്യം, പൂരക്കളി, തിടമ്പ്നൃത്തം എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിന് അനുമതിയ്ക്കായി ക്ഷേത്രകലാ അക്കാദമി സെക്രട്ടറി അപേക്ഷ സമർപ്പിച്ചതിൽ പ്രാരംഭമായി ചെണ്ടവാദ്യത്തിന് പാർട്ട് ടൈം കോഴ്സ് ആരംഭിക്കുന്നതിന് അനുമതി നൽകിയും കോഴ്സിലേക്കുള്ള വിദ്യാർത്ഥികളേയും അദ്ധ്യാപകനേയും തിരഞ്ഞെടുക്കുന്നതിന് ഇന്റർവ്യൂ ബോർഡ് രൂപീകരിച്ചും 27.01.2016-ന് ബോർഡ് ഉത്തരവ് നൽകിയിട്ടുണ്ട്. പ്രസ്തുത കോഴ്സ് ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ